I/91496/2023

**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - എറണാകുളം ജില്ല - എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പുതുവൈപ്പ് വില്ലേജ് മിനിസ്ട്രി ഓഫ് എർത്ത് സയൻസിന്റെ ഉടമസ്ഥതയിൽ Centre for Marine Living Resource and Ecology യിൽ വിദ്യാഭ്യാസ, മറ്റ് അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണം- കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/11/2022 ലെ എ3/11788/2021 നമ്പർ കത്ത്.

2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 20/12/2022 ലെ TCPEKM/1229/2022-C നമ്പർ കത്ത്.

=================================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. TCPCTP/29/2023-C3 തീയതി:20-04-2023

=================================================================

എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുതുവൈപ്പ് വില്ലേജിൽ റീ സർവ്വേ നമ്പർ 138/1 (സർവ്വേ നമ്പർ.238/3) എന്നിവയിൽപ്പെട്ട 10 Acres സ്ഥലത്ത് ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള മിനിസ്ട്രി ഓഫ് എർത്ത് സയൻസിന്റെ ഉടമസ്ഥതയിലുള്ള Centre For Marine Living Resource and Ecology യിൽ Administrative and Science Block, Transit Hostel, Substation and Pump Home എന്നിവ ഉൾപ്പെടുന്ന 5529.9 ച.മീ വിസ്തീർണ്ണമുള്ള നിർമ്മാണങ്ങൾക്ക് കൺകറൻസ് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ഡയറക്ടർ, Centre for marine Living Resource and Ecology- യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി Sanctioned Structure Plan for Central City, Kochi പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

1. കെ.പി.ബി.ആർ 2019 ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും, പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും നിർമ്മാണവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്ന് രേഖകൾ പരിശോധിച്ച് ആധികാരികമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

2. CRZ NOC ലഭ്യമായിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

3. 2008 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം/ 2018 കേരളാ നെൽവയൽ /

I/91496/2023

നീർത്തട സംരക്ഷണ(ഭേദഗതി) എന്നി നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

4. KPBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.

5. നിർമ്മാണം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺപ്ലാനറുടെഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Famidha Yoosaf M
Date: 20-04-2023 13:11:55

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം

പകർപ്പ്:-

1. സീനിയർ ടൗൺപ്ലാനർ, എറണാകുളം
2. വെബ് സൈറ്റ്
3. കരുതൽ ഫയൽ
4. അധികം

Sr]8042023